**അപേക്ഷ ഓൺലൈൻ വഴി സമർപ്പിക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്**

- പരീക്ഷയ്ക്കുള്ള അപേക്ഷ **02/08/2021 തിങ്കൾ രാവിലെ 10.00 മുതൽ 12/08/2021 വ്യാഴം വൈകുന്നേരം 5.00 വരെ** ഓൺലൈനിൽ സമർപ്പിക്കാവുന്നതാണ്.
- പരീക്ഷാഭവന്റെ വെബ്സൈറ്റായ ***http://keralapareekshabhavan.in*** മുഖാന്തിരം ഓൺലൈൻ വഴി അപേക്ഷ നൽകേണ്ടതാണ്.
- ഓൺലൈനിൽ അപേക്ഷ സമർപ്പിക്കുന്നതിന് രണ്ട് ഘട്ടമുണ്ട്.

**ഒന്നാം ഘട്ടം**

1. ഒന്നാം ഘട്ടത്തിൽ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രവേശിച്ച് **KGTE Online Application September** 2021ൽ അപേക്ഷ നൽകാവുന്നതാണ്
2. New Registration എന്ന Link ൽ click ചെയ്യേണ്ടതാണ്.
3. തുടർന്ന് ലഭിക്കുന്ന പേജിൽ പരീക്ഷാർത്ഥിയുടെ വിവരങ്ങൾ രേഖപ്പെടുത്തുക
4. **റഗുലർ വിഭാഗത്തിൽ അതായത് (പുതുതായി ഒരു വിഷയത്തിന് അപേക്ഷിക്കുന്നവർ)**

    1. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവർ
    2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് & കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഹയർ
    3. ടൈപ്പ്റൈറ്റിംഗ് മലയാളം & കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ലോവർ
    4. ടൈപ്പ്റൈറ്റിംഗ് മലയാളം & കമ്പ്യൂട്ടർ വേഡ് പ്രോസസിംഗ് ഹയർ
    5. ടൈപ്പ്റൈറ്റിംഗ് ഹിന്ദി ലോവർ
    6. ടൈപ്പ്റൈറ്റിംഗ് ഹിന്ദി ഹയർ
    7. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹൈസ്പീഡ്
    8. ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് ലോവർ
    9. ഷോർട്ട്ഹാന്റ് മലയാളം ലോവർ
    10. ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് ഹയർ
    11. ഷോർട്ട്ഹാന്റ് മലയാളം ഹയർ
    12. ഷോർട്ട്ഹാന്റ് ഇംഗ്ലീഷ് ഹൈസ്പീഡ്
    13. വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് ലോവർ
    14. വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് ഹയർ
    15. വേഡ് പ്രോസസിംഗ് മലയാളം ലോവർ
    16. വേഡ് പ്രോസസിംഗ് മലയാളം ഹയർ

എന്നിവ അപേക്ഷിക്കുന്നവർ Regular Subjects എന്ന select option ൽ നിന്നും വേണ്ട വിഷയങ്ങൾ തെരഞ്ഞെടുത്ത് **select** button click ചെയ്യേണ്ടതാണ്. ഈ വിധത്തിൽ ഓരോ വിഷയങ്ങൾ വീതം രജിസ്റ്റർ ചെയ്യേണ്ടതാണ്. മേൽപറഞ്ഞ ഹയർ വിഭാഗത്തിൽ പരീക്ഷ എഴുതുന്നവർ അവർ ഇപ്പോൾ എഴുതുന്ന വിഷയത്തിന്റെ ലോവർ പേപ്പറിന്റെ, മുൻവർഷങ്ങളിൽ എഴുതിയ രജിസ്റ്റർ നമ്പർ, മാസം,വർഷം എന്നിവ ഇതിനായിട്ട് നിഷ്കർഷിച്ചിട്ടുള്ള കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഇത് ചെയ്യാതെ അടുത്ത ഭാഗത്തേയ്ക്ക് പോകാൻ കഴിയില്ല.

മുൻവർഷങ്ങളിൽ പരീക്ഷ എഴുതിയിട്ടില്ലാത്തവർ NIL എന്ന് രേഖപ്പെടുത്തേണ്ടതാണ്.

(5) **പ്രൈവറ്റ് വിഭാഗത്തിൽ (Part Only) അതായത് (മുൻപ് എഴുതി പരാജയപ്പെട്ടവർ)**

1. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ (Part)
2. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് ഹയർ (Part)
3. വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് ലോവർ (Part)
4. വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് ഹയർ (Part)
5. ടൈപ്പ്റൈറ്റിംഗ് മലയാളം ലോവർ (Part)
6. ടൈപ്പ്റൈറ്റിംഗ് മലയാളം ഹയർ (Part)
7. വേഡ് പ്രോസസിംഗ് മലയാളം ലോവർ (Part)
8. വേഡ് പ്രോസസിംഗ് മലയാളം ഹയർ (Part)

എന്നിവ അപേക്ഷിക്കുന്നവർ Private Subjects എന്ന select option ൽ നിന്നും വേണ്ട subject തെരഞ്ഞെടുത്ത് **select** button click ചെയ്യേണ്ടതാണ്. ഈ വിധത്തിൽ എഴുതേണ്ട Private Subject കൾ എല്ലാം തെരഞ്ഞെടുക്കേണ്ടതാണ്.

**പ്രൈവറ്റ് വിഭാഗത്തിൽ പരീക്ഷ എഴുതുന്നവർ അവർ ഇപ്പോൾ എഴുതുന്ന വിഷയത്തോടൊപ്പമുള്ള- മുൻപ്രാവശ്യം എഴുതി വിജയിച്ച പാർട്ടിന്റെ രജിസ്റ്റർ നമ്പർ, മാസം, വർഷം, ലഭിച്ച മാർക്ക് എന്നിവ ഇതിനായി നിഷ്ക്കർഷിച്ച കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഉദാഹരണത്തിന് ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് ലോവർ (പാർട്ട്) പ്രൈവറ്റായി എഴുതുന്നവർ തങ്ങൾ വിജയിച്ച വേഡ് പ്രോസസിംഗ് ഇംഗ്ലീഷ് ലോവർ എന്ന വിഷയത്തിന്റെ രജിസ്റ്റർ നമ്പർ, മാസം, വർഷം, ലഭിച്ച മാർക്ക് എന്നിവ നിഷ്ക്കർഷിച്ച കോളത്തിൽ നൽകേണ്ടതാണ്. ഇത് ചെയ്യാതെ അപേക്ഷക്കുള്ള അടുത്ത ഭാഗത്തേയ്ക്ക് പോകാൻ കഴിയില്ല.**

(a) 2001 ന് മുമ്പ് ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ്/2011 ന് മുമ്പ് ടൈപ്പ് റൈറ്റിംഗ് മലയാളം ഒന്നും രണ്ടും പേപ്പർ മാത്രം എഴുതി സർട്ടിഫിക്കറ്റ് ലഭിച്ചവർ മൂന്നാം പേപ്പറായ വേഡ് പ്രോസസിംഗ് **റഗുലറായി** എഴുതുന്നതിന് തെരഞ്ഞെടുക്കേണ്ടതാണ്.

(b) പരീക്ഷാർത്ഥിയുടെ വിവരങ്ങൾ രേഖപ്പെടുത്തുമ്പോൾ Category (General/ OBC/SC/ST/OEC/ Sree Chithra Poor Home Students, Kudumbi) ശ്രദ്ധിച്ച് കൊടുക്കണം. Category പിന്നീട് edit ചെയ്യാനുള്ള option ഉണ്ടായിരിക്കുന്നതല്ല.

(c) ഫീസ് ആനുകൂല്യം ഉള്ള അപേക്ഷകർ അപേക്ഷ confirm ചെയ്യുമ്പോൾ തന്നെ പ്രിന്റ് എടുക്കുവാൻ കഴിയുന്നതാണ്.

(d) ഫീസ് അടയ്ക്കേണ്ട അപേക്ഷകർക്ക് അപേക്ഷ confirm ചെയ്യുമ്പോൾ ചെലാൻ ലഭിക്കുന്നതാണ്.

<u>**രണ്ടാം ഘട്ടം**</u>

a. **Registered Candidates (IInd step)** എന്നുള്ള link click ചെയ്ത് തുടർന്ന് ലഭിക്കുന്ന പേജിൽ ഒന്നാംഘട്ടത്തിൽ ലഭിച്ച Application IDയും Date of Birth ഉം കൊടുത്ത് Submit ചെയ്യുമ്പോൾ ലഭിക്കുന്ന പേജിൽ രണ്ട് link കളാണു-ള്ളത്.

b. Add chalan Details

c. View Application details

1. Chalan Number, Chalan Date, Paid Amount ഇവ നൽകുന്നതിനായി Add chalan Details എന്ന link click ചെയ്യുക. അതിനുശേഷം application confirm ചെയ്ത് print എടുക്കാവുന്നതാണ്. അപേക്ഷകൻ Confirm ചെയ്യുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കപ്പെടുകയുള്ളൂ. **Confirmation ന് ശേഷം തിരുത്തലുകൾ അനുവദിക്കുന്നതല്ല.**

   **Confirmation ന് മുൻപ് View Application details** എന്ന Link ൽ click ചെയ്ത് അപേക്ഷകർക്ക് അവശ്യം വേണ്ട വിവരങ്ങൾ തിരുത്താവുന്നതാണ്.

2. ഫീസ് ആനുകൂല്യം ഇല്ലാത്ത പരീക്ഷാർത്ഥി ട്രഷറി/ബാങ്കിൽ ചെലാൻ അടയ്ക്കുമ്പോൾ ലഭിക്കുന്ന ചെലാൻ നമ്പരും തീയതിയും നൽകി **Add chalan details** ൽ **Entry** ചെയ്താൽ മാത്രമേ **Application** പ്രിന്റ് എടുക്കുവാൻ കഴിയുകയുള്ളൂ.

3. ഒരു പരീക്ഷാർത്ഥി ഒന്നിൽ കൂടുതൽ വിഷയങ്ങൾ എഴുതുന്നുണ്ടെങ്കിലും ഓൺലൈനിൽ അപേക്ഷിക്കുമ്പോൾ ഓരോന്നിനും വെവ്വേറെ അപേക്ഷ നൽകാതെ ഇവയെല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള <u>**ഒരു അപേക്ഷ മാത്രമേ നൽകുവാൻ പാടുള്ളൂ.**</u>

- **Application upload** ചെയ്യുമ്പോൾ <u>***30 KB size***</u>-ലുള്ള **JPEG format** ലുള്ള ഫോട്ടോ Upload ചെയ്യേണ്ടതാണ്.
- **Application submit** ചെയ്യുമ്പോൾ ലഭിക്കുന്ന **Application ID** പിന്നീടുള്ള ഉപയോ-ഗത്തിനുവേണ്ടി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. കാരണം **Application ID** ഉപയോഗിച്ചു മാത്രമേ **Hall Ticket Down load** ചെയ്യാൻ സാധിക്കുകയുള്ളൂ.
- ഓൺലൈനിൽ അപേക്ഷ സമർപ്പിച്ച് എല്ലാ വിവരങ്ങളും ശരിയാണെന്ന് ഉറപ്പു-വരുത്തിയതിനു ശേഷം അപേക്ഷാ ഫോമിന്റെ പ്രിന്റ്, ചെലാൻ രസീത് എന്നിവയോടൊപ്പം യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റേയും, ഫീസിളവിന്

അർഹതയുണ്ടെങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റേയും, സാക്ഷ്യപ്പെടുത്തിയ ഓരോ കോപ്പിയും 13/08/2021 വെള്ളി **വൈകുന്നേരം 5.00 മണി വരെ** പരീക്ഷാഭവനിൽ സമർപ്പിക്കേണ്ടതാണ്.

- പരാജയപ്പെട്ട വിഷയങ്ങൾക്ക് മാത്രം പരീക്ഷ എഴുതുന്നവർ **<u>മുമ്പ് കെ.ജി.ടി പരീക്ഷയ്ക്ക് ലഭിച്ച എല്ലാ മാർക്ക് ലിസ്റ്റിന്റേയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് നിർബന്ധമായും</u>** അപേക്ഷയോടൊപ്പം അയച്ചു തരേണ്ടതാണ്.
- ഷോർട്ട് ഹാന്റ് പരീക്ഷയ്ക്ക് ഒരു റവന്യൂ ജില്ലയിൽ ഒരു സെന്റർ മാത്രമെ ഉണ്ടായിരിക്കുകയുള്ളൂ. (ഷോർട്ട് ഹാന്റ് സെൻർ ലിസ്റ്റ് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു.) മറ്റു പരീക്ഷകൾക്കായി വേറെ സെന്ററിൽ അപേക്ഷിക്കുന്ന പരീക്ഷാർത്ഥിയും ഷോർട്ട്ഹാന്റ് മാത്രം പ്രസ്തുത സെന്ററിൽ എഴുതേണ്ടതാണ്.
- അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും **"സെക്രട്ടറി, പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695012"** എന്ന അഡ്രസ്സിൽ 13/08/2021 വെള്ളി വൈകുന്നേരം 5.00 ന് മുൻപ് ലഭ്യമാക്കേണ്ടതാണ്. **'കെ.ജി.റ്റി.ഇ സെപ്റ്റംബർ 2021 അപേക്ഷ'** എന്ന് ചുവന്ന മഷിയിൽ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. **സെന്റർ കോഡും** ഇതോടൊപ്പം എഴുതേണ്ടതാണ്.

***NB: അപേക്ഷ ഫോമിന്റെ ഒരു കോപ്പി പരീക്ഷാർത്ഥിയുടെ കൈവശം സൂക്ഷിക്കേണ്ടതാണ്.***

- ❖ **പരീക്ഷയ്ക്കുള്ള അപേക്ഷ 02/08/2021 തിങ്കൾ രാവിലെ 10.00 മുതൽ 12/08/2021 വ്യാഴം വൈകുന്നേരം 5.00 വരെ ഓൺലൈനിൽ സമർപ്പിക്കാവുന്നതാണ്.**

- ❖ **പരീക്ഷാഭവൻ വെബ്സൈറ്റായ <u>www.keralapareekshabhavan.gov.in</u> മുഖാന്തിരം ഓൺലൈനായി അപേക്ഷിക്കുകയും അപേക്ഷയുടെ പ്രിന്റ് ബന്ധപ്പെട്ട രേഖകൾ സഹിതം 13/08/2021 വെള്ളി വൈകുന്നേരം 05.00 നു മുൻപായി പരീക്ഷാഭവനിൽ ലഭ്യമാക്കേണ്ടതുമാണ്.**